# Desabhimani

# 22 August 2018

# Alappuzha, Flood Victims, Relief Camps

## പ്രളയജലത്താൽ മുറിവേറ്റവർക്കരികിലേക്ക് അതിജീവനമായി സംഗീതം

**ആലപ്പുഴ**

പ്രളയജലത്താൽ മുറിവേറ്റവർക്ക് വേദനകളെ അതീജിവിക്കാൻ സംഗീതത്തിന്റെ സാന്ത്വനം. വീടുകൾക്കും മീതെ ഉയർന്നുവന്ന പ്രളയജലം അനേകം ജീവനുകളും സമ്പാദ്യവും കവർന്ന ജനത സംഗീതത്തിൽ വേദനകളെയെല്ലാം ഒരുവേള ഒഴുക്കിക്കളയുകയായിരുന്നു. പ്രളയത്തെ അതിജീവിച്ച ജനതയ്ക്ക് ജീവിതത്തോട് പൊരുതിനിൽക്കാനുള്ള കരുത്ത് പകരുകയായിരുന്നു സംഗീതം.



ആലപ്പുഴ കാർമൽ സ്കൂളിലെ ദുരിതാശ്വാസക്യാമ്പിൽ ജോസി ആലപ്പുഴയുടെ നേതൃത്വത്തിൽ നടത്തിയ സംഗീത സായാഹ്നത്തിൽ ഗായകരോടൊപ്പം നൃത്തംചെയ്യുന്ന കുട്ടികൾ

കുട്ടനാട്ടിലെ പ്രളയബാധിതരെ പാർപ്പിച്ച കാർമൽ അക്കാഡമി ഇംഗ്ലീഷ് മീഡിയം സ്കൂളിലെ നൂറുകണക്കിന് കുടുംബങ്ങൾക്കിടയിലേക്കാണ് സംഗീതമെത്തിയത്.

പ്രശസ്ത ഗായകരും സംഗീതജ്ഞരും ഉൾപ്പെട്ട സംഘമാണ് ക്യാമ്പുകളിലെത്തിയത്. 'ഉണ്ണികളെ ഒരുകഥ പറയാം' എന്നുതുടങ്ങുന്ന മധുരഗാനം പുല്ലാങ്കുഴലിൽ ആലപിച്ചപ്പോൾ കുരുന്നുകൾ ഒപ്പം ചേർന്നു.

എന്തുവന്നാലും തോൽക്കാൻ മനസ്സില്ലാത്ത ജനതയ്ക്ക് മുമ്പിൽ പാട്ടുകളുടെ വേഗം കൂടി. ന്യൂജെൻ ഗായകർ പാട്ടുകൾ പാടിയതോടെ കുട്ടികൾ ആവേശത്തിലായി. കുട്ടികളെ ആടിപ്പാടാൻ പ്രോത്സാഹിപ്പിച്ച രക്ഷിതാക്കൾ അവരുടെ തിമിർപ്പിൽ കുറച്ചുനേരത്തേക്കെങ്കിലും വേദനകളെ ആട്ടിപ്പായിച്ചു.

പുല്ലാങ്കുഴൽ കലാകാരൻ ജോസി ആലപ്പിയുടെ നേതൃത്വത്തിൽ കേരള ആർട്ട് ലവേഴ്സ് അസോസിയേഷനും (കല) സംഗീതജ്ഞരുടെ വിവിധ സംഘടനകളും ഒത്തൊരുമിച്ചാണ് പ്രതിഫലമില്ലാതെ പരിപാടി ഒരുക്കുന്നത്. മന്ത്രി ഡോ. ടി എം തോമസ് ഐസിക്കിന്റെ നിർദേശമനുസരിച്ചാണ് സംഘം ക്യാമ്പുകളിലെത്തി പരിപാടി അവതരിപ്പിച്ചത്. വരുംദിവസങ്ങളിൽ ആലപ്പുഴയിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ പരിപാടി അവതരിപ്പിക്കും. അനൂപ് (കീബോർഡ്), ഡർവിൻ ഡിസൂസ ( ഗിത്താർ), സിജു ( ഗിത്താർ), ഷിബു അനിരുദ്ധ്, പ്രവീണ അനൂപ് ( ഗായകർ), സൗണ്ട് എൻജിനിയർ ജിബീഷ് എന്നിവരുടെ സംഘമാണ് സാന്ത്വനസംഗീത സംഘത്തിലുണ്ടായിരുന്നത്. 9447496919 നമ്പറിൽ ബന്ധപ്പെട്ടാൽ സംഘം ദുരിതാശ്വാസ ക്യാമ്പുകളിലെത്തി സൗജന്യമായി പരിപാടി അവതരിപ്പിക്കും.